ഇ.മെയിൽ 'dmekeral@md5.vsnl.net.in'
ഫാക്സ്: 0471-2443080
ഗ്രാം: ' DIRMEDEN'

ഫോൺ: ഓഫീസ് : 2442124
2442126
ഡയറക്ടർ :2444013

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**മെഡിക്കൽ കോളേജ്. പി.ഒ,**
**തിരുവനന്തപുരം - 695 011**

നം: **എച്ച് 5/7/09/ഡി.എം.ഇ.** തീയതി: **01/01/2009**

## വിജ്ഞാപനം

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 2009 ലെ പൊതു സ്ഥലം മാററം - അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ് (ആർ.ററി) നമ്പർ 504/05/ആ.കു.വ തീയതി 21-02-05.

**********

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ നിന്നും ഈ വർഷത്തെ പൊതു സ്ഥലം മാററത്തിനു പരിഗണിക്കാൻ മേൽ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട ഫാറത്തിൽ (മുൻ വർഷങ്ങളിലേതു പോലെ) അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. 31-05-09 ൽ 3 വർഷം സേവനം പൂർത്തിയാക്കുന്നവരെയാണ് 2009 ലെ പൊതു സ്ഥലം മാററത്തിനു പരിഗണിക്കുന്നത്. സ്ഥലം മാററത്തിനു വേണ്ടിയുള്ള അപേക്ഷകൾ ഫെബ്രുവരി 25-ാം തീയതിക്കു മുമ്പ് അതാത് മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജ് പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൽമാർ നിർദ്ദിഷ്ട രീതിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ 2009 മാർച്ച് 5- ാം ം തീയതിയ്ക്ക് മുമ്പായി മെഡിക്കൽ വിദ്യാഭ്യാസ കാര്യാലത്തിൽ എത്തിച്ചു തരേണ്ടതുമാണ്. കരട് സ്ഥലം മാററ നിർദ്ദേശം അടങ്ങിയ ലിസ്റ്റ് മാർച്ച് 25ന് മുമ്പ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത കരട് നിർദ്ദേശത്തിൻ മേലുള്ള അപേക്ഷകൾ മാർച്ച് 31ന് മുമ്പ് സമർപ്പിക്കേണ്ടതും ആയവ പരിശോധിച്ച ശേഷം സ്ഥലം മാററ ഉത്തരവ് ഏപ്രിൽ 15 ന് മുമ്പ് പുറപ്പെടുവിക്കുന്നതും ആണ്. പ്രസ്തുത ഉത്തരവിൻ മേലുള്ള പരാതികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലുള്ള റിവ്യു കമ്മിററി പരിശോധിക്കുന്നതും കമ്മിററിയുടെ തീരുമാനം രേഖാമൂലം പരാതിക്കാരനെ അറിയിക്കുന്നതുമാണ്.

ഇതുവരെ നിശ്ചിത ഫാറത്തിൽ ഹോംസ്റ്റേഷൻ സംബന്ധിച്ച് ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ലാത്തവർ അതു അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്ഥലം മാററപ്പെടാനോ അതേ സ്റ്റേഷനിൽ തന്നെ തുടരുവാനോ പ്രത്യേക സംരക്ഷണത്തിന് അർഹതയുള്ളവരുണ്ടെങ്കിൽ അങ്ങനെയുള്ളവർ അതിനാധാരമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രത്യേക സംരക്ഷണത്തിനുള്ള രേഖകൾ

അപേക്ഷയോടൊപ്പമല്ലാതെ പിന്നീട് സമർപ്പിച്ചാൽ സ്വീകരിക്കുന്നതോ പരിഗണിക്കുന്നതോ ആയിരിക്കുകയില്ല. നേരിട്ടു സമർപ്പിക്കുന്നതും നിർദ്ദിഷ്ട തീയതിക്കു ശേഷം സമർപ്പിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഡയറക്ടർക്കു വേണ്ടി

1. പ്രിൻസിപ്പൽ,
   മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കോട്ടയം/
   ആലപ്പുഴ/തൃശൂർ/കോഴിക്കോട്.

   പ്രിൻസിപ്പൽ,
   ദന്തൽ കോളേജ്, തിരുവനന്തപുരം/
   കോട്ടയം/കോഴിക്കോട്.

   പ്രിൻസിപ്പൽ,
   നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കോട്ടയം/
   ആലപ്പുഴ/തൃശൂർ/കോഴിക്കോട്.

   (പൊതു സ്ഥലം മാററത്തിനുള്ള ഫോറം മുൻ വർഷങ്ങളിലേതുപോലെ തന്നെ ജീവനക്കാർക്ക് വിതരണം ചെയ്യേണ്ടതാണ്.)
2. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
3. നോട്ടീസ് ബോർഡ്.
4. ജൂനിയർ സൂപ്രണ്ട്/സെക്ഷൻ ക്ലാർക്കുകൾ
   ഇ/എഫ്/ജി/എച്ച്.

(കരട് ട്രാൻസ്ഫർ ലിസ്റ്റ് പുറപ്പെടുവിക്കേണ്ടതും അതു സംബന്ധമായ പരാതികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ അതാത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ തന്നെ ചെയ്യേണ്ടതുമാണ്.).

5. ഡി.എം.ഇ/ജെ.ഡി.എം.ഇ (എം/ജി)/എ.ഒ/എഫ്.ഒ/ഡി.ഡി.എൻ.ഇ/എ.എ. (1,2) എന്നിവരുടെ സി.എ മാർക്ക്
6. റെക്കോർഡ്സ്